2022
ആഗസ്റ്റ്
വാല്യം 15 | ലക്കം 8
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



# 11-ാം ചരമവാർഷികം

## ആർച്ച് ബിഷപ് കോർണേലിയൂസ് ഇലഞ്ഞിക്കൽ



## ദിവ്യബലി

2022 ഓഗസ്റ്റ് 8 രാവിലെ 6.30–ന് വിമലഗിരി കത്തീഡ്രലിൽ



മൂന്നാർ മൗണ്ട് കാർമൽ ഇടവകയുടെ 125–ാം വാർഷിക(Quasquicentennial Jubilee) ആഘോഷങ്ങളുടെ ഉദ്ഘാടനം മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ ജൂബിലിതിരി തെളിച്ച് നിർവഹിക്കുന്നു.

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2022 AUGUST   Registered Newspaper, Reg.No. KERMAL/2008/24745   Vol.15 • No.8



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ:

6. പാപ്പായുടെ സന്ദേശം

10. മിഷൻ സൺഡേ സമ്മാനം

11 കെ.സി.ബി.സി. സർക്കുലർ

16 നീതി ഞായർ ചിന്തകൾ

18 തടവറ പ്രേഷിത ഞായർ

22. തീരശുചീകരണം

24 ഇടവകവാർത്തകൾ

31. വി.എസ്.എസ്,എസ്. വാർത്തകൾ

34. അഭിവന്ദ്യപിതാവിന്റെ ആഗസ്റ്റ് മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

# Editorial

## ആഗസ്റ്റ് 15 :
## സ്വാതന്ത്ര്യങ്ങളുടെ ദിനം

**ഭൗ**മികവും സ്വർഗ്ഗീയവുമായ സ്വാതന്ത്ര്യങ്ങളുടെ ആഘോഷമാണ് ആഗസ്റ്റ് മാസം 15-ാം തീയതി നാം കൊണ്ടാടുക. ഭാരതത്തിന്റെ 76-ാം സ്വാതന്ത്ര്യദിനാഘോഷം ഭൗമികസ്വാതന്ത്ര്യത്തെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അന്നുതന്നെ ആഘോഷിക്കപ്പെടുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ സ്വർഗ്ഗീയ (നിത്യതയിലെ) സ്വാതന്ത്ര്യത്തെയും ഓർമ്മയിൽ കൊണ്ടുവരുന്നു. ഭൗമിക സ്വാതന്ത്ര്യം അപൂർണ്ണമാണ്. സ്വർഗ്ഗീയ സ്വാതന്ത്ര്യം പൂർണ്ണമായും, സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിലും ശക്തിയിലും ഗ്രഹിക്കുമ്പോഴെ ഭൗമിക സ്വാതന്ത്ര്യം നിത്യസ്വാതന്ത്ര്യത്തിലേക്കു നയിക്കൂ.

ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽ നിന്നു ഭാരതം മോചനം പ്രാപിച്ച സംഭവമാണ് നാം സ്വാതന്ത്ര്യദിനമായി കൊണ്ടാടുന്നത്. അങ്ങനെ വിദേശാധിപത്യത്തിൽ നിന്ന് നാം സ്വതന്ത്രരായി എന്നു പറയാമെങ്കിലും 75 വർഷമായിട്ടും നാമിന്നും പലതരം അടിമത്തങ്ങളിൽപെട്ട് ഉഴലുകയാണ്. മറ്റുള്ളവർ -അധികാരികളും അന്യരും-നമ്മുടെമേൽ കെട്ടിവയ്ക്കുന്ന അടിമത്തങ്ങളുണ്ട്. ലോകവും ലൗകികശക്തികളും നമ്മുടെമേൽ വരുത്തിവയ്ക്കുന്ന അടിമത്തങ്ങളുണ്ട്. നാം തന്നെ നമ്മുടെമേൽ വരുത്തുന്ന അടിമത്തങ്ങളുമുണ്ട്. പ്രാപഞ്ചികമായും ശാരീരികമായും വൈകാരികമായും മാനസികമായും സാമൂഹികമായും ആത്മീയമായും ഉള്ള അടിമത്തങ്ങളുണ്ട്. വിദ്യാഭ്യാസപരവും സാംസ്കാരികമായും സാങ്കേതികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ അടിമത്തങ്ങളുണ്ട്. അവയിലൂടെയെല്ലാം വെളിവാക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്വാർത്ഥത, അസൂയ, അഹന്ത, ആധിപത്യമനോഭാവം, വിരോധം, സ്വജനപക്ഷപാതം, വിവേചനം, കൈക്കൂലി, ചൂഷണം തുടങ്ങിയ അന്ധകാരശക്തികൾ നമ്മെ അടിമത്തത്തിലാഴ്ത്തുന്നു. മനുഷ്യരെ വിശേഷിച്ച് പാവങ്ങളെയും പതിതരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും കടക്കെണികളിലും പട്ടിണിയിലും തളച്ചിടുന്നു. ഇവ കൂടാതെ മനുഷ്യരുടെ ആസക്തികളും തഴക്കദോഷങ്ങളും ഭയങ്ങളും പലതരത്തിലുള്ള വിനകൾ വരുത്തിവയ്ക്കുന്നു. ബാലപീഢകളും ലൈംഗിക അരാജകത്വങ്ങളും ഗാർഹിക പീഢനങ്ങളും തൊഴിൽമേഖലയിലെ പീഢിപ്പിക്കലുകളും അനീതികളും അക്രമങ്ങളും വ്യാജപ്രതിരോധങ്ങളും മാനസികപീഢകളും, വിശേഷിച്ചു സാമൂഹിക സമ്പർക്കങ്ങളിലൂടെയുള്ള തേജോവധങ്ങളും എല്ലാം മനുഷ്യരെ അടിമത്തത്തിൽ തളച്ചിടുന്നു. തങ്ങളാകുന്നതിൽ നിന്നും, തങ്ങളുടെ ജീവിതം അതിന്റെ തികവിൽ ജീവിക്കുന്നതിൽ നിന്നുമെല്ലാം അവ മനുഷ്യരെ തടസ്സപ്പെടുത്തുന്നു. മനുഷ്യൻ വിശ്വാസം

നിറഞ്ഞവനായി സ്നേഹം നിറഞ്ഞവനായി പ്രത്യാശ നിറഞ്ഞവനായി ജീവിക്കണം. എങ്കിലേ അവൻ സ്വതന്ത്രൻ എന്നു പറയാനാകൂ. ഭാരതം ഇന്നും ആ ലക്ഷ്യത്തിൽ നിന്നും വളരെ അകലെയാണ്.

അവിടെയാണ് സ്വാതന്ത്ര ഭാരത മാതാവിന്റെ പ്രതീകവും പ്രചോദനവുമായി സർവ്വസ്വതന്ത്രയായി, സ്വർഗ്ഗാരോപിതയായി പരിശുദ്ധ കന്യകാമറിയം നിലകൊള്ളുക. സൂര്യനെ ഉടയാടയാക്കിയ 12 നക്ഷത്രങ്ങളെ കീരിടമാക്കിയ, ചന്ദ്രനെ പാദപീഠമാക്കിയ തേജസ്വിനിയായ സ്ത്രീ (വെളി.12:1-2) അവളാണ് മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഉത്തമ പ്രതീകമായി നിലകൊള്ളുന്നത്. ഈ ലോകത്തിൽ തന്റെ കൂടെ ദൈവമുണ്ടെന്ന ബോധത്തോടെ എങ്ങും ദൈവത്തിന്റെ പദ്ധതി നിറവേറുന്നുവെന്നും ദൈവപ്രവർത്തനം നടക്കുന്നുവെന്നുമുള്ള ബോധത്തോടെ ദൈവകൃപ നിറഞ്ഞവളായി, നന്മ നിറഞ്ഞവളായി, ദൈവത്തിന്റെ ദാസിയായി ദൈവവേഷ്ടം പൂർണ്ണമായും നിറവേറ്റി. മനുഷ്യർക്കെല്ലാം അനുഗ്രഹമായി അനുഗ്രഹമേകുന്നവളായി ജീവിച്ചതിനാണ് മറിയത്തിന് നിത്യസ്വാതന്ത്ര്യം സ്വർഗ്ഗീയ സ്വാതന്ത്ര്യം അനുഭവിക്കാനായത്.

ഉള്ളിൽ നിന്നുറവയെടുക്കുന്ന ജീവിതമാണ് യഥാർത്ഥ സ്വതന്ത്രജീവിതം. (യോഹ 4:14; 7:38; 19:34) ഉള്ളിലുള്ളവനാൽ-ദൈവത്താൽ നാം നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും വേണം. നമ്മുടെ ഉള്ളിലെ ദൈവത്തിന്റെ ഛായ (ഉൽ 1:26,27) ദൈവത്തിന്റെ ശ്വാസം (ഉൽ 2:7) മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു (കൊളോ 1:2), ദൈവസ്നേഹം (റോമ 5:5) ദൈവവചനം (നിയമ 30:14), നന്മ (ഉൽ 1:31), സന്തോഷം (യോഹ 15:11) തുടങ്ങിയവയാണ് നമ്മുടെ ഉള്ളിന്റെയുള്ളിൽ കുടികൊള്ളുന്നത്. ഇവയാൽ പ്രചോദിപ്പിക്കപ്പെടുമ്പോഴാണ് നാം യഥാർത്ഥത്തിൽ സ്വതന്ത്രരാവുക. അങ്ങനെ ദൈവികരായി ദൈവികതയാൽ പൂരിതരായി, ദൈവാത്മവിനാൽ നയിക്കപ്പെടുന്നവരായി നാം ജീവിക്കണം.

ഇന്നലെയിലേക്ക് നോക്കാനും, നാളെയിലേക്ക് ഉറ്റുനോക്കാനും അവയുടെ വെളിച്ചത്തിൽ ഇന്നിനെ നോക്കി കാണാനുമുള്ള സുന്ദരമായ അവസരമാണ് ആഗസ്റ്റ് 15. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നുമുള്ള മോചനമാണ് ഇന്നലെയിൽ നാം കാണുക. മറിയത്തിന്റെ സ്വർഗ്ഗാരോപണമാണ് നാളെയിൽ നാം ദർശിക്കുക. സ്വാതന്ത്ര്യവും അടിമത്തവും ഇടകലർന്ന അവസ്ഥയാണ് ഇന്നിൽ നാം തിരിച്ചറിയുക. അടിമത്തങ്ങളെ വിട്ട് സ്വാതന്ത്ര്യത്തിലേക്ക് മുന്നേറുന്ന പ്രക്രിയയിലായിരിക്കാൻ ഇന്ന് നമ്മെ ക്ഷണിക്കുന്നു. ആത്മീയവും സാമൂഹികവും രാഷ്ട്രീയപരവും സാമ്പത്തികവും സാംസ്കാരികവും മാനസികവും വൈകാരികവും ശാരീരികവും പ്രാപഞ്ചികവുമായ എല്ലാത്തരം അടിമത്തങ്ങളിൽ നിന്നും വിമുക്തരായി ജീവൻ അതിന്റെ തികവിൽ ജീവിച്ച് സംതൃപ്തിയും സമൃദ്ധിയും നീതിയും സമാധാനവും സന്തോഷവും സ്നേഹവും നിറഞ്ഞ സ്വതന്ത്രജീവിതം ജീവിക്കാൻ ആത്മവിശ്വാസത്തോടും ഉത്തരവാദിത്വത്തോടും മുന്നേറാൻ ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ.

തിരുനാളിന്റെയും പെരുന്നാളിന്റെയും മംഗളങ്ങളും അനുഗ്രഹങ്ങളും ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

# കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും 108-ാമത് ലോകദിനത്തിൽ പരിശുദ്ധ പിതാവിന്റെ സന്ദേശം

**25 സെപ്റ്റംബർ 2022**

**"അഭയാർഥികളോടും കുടിയേറ്റക്കാരോടുമൊപ്പം ഭാവി പടുത്തുയർത്തൽ"**

*"ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ല, വരാനുള്ള നഗരത്തെയാണല്ലോ നാം അന്വേഷിക്കുന്നത്."(ഹെബ്രാ 13:14)*

പ്രിയ സഹോദരീ, സഹോദരന്മാരേ

ഈ ലോകത്തിൽ 'നമ്മുടെ യാത്രയുടെ' അന്തിമമായ അർത്ഥം നമ്മുടെ യഥാർത്ഥ ജന്മനാടിന്റെ അന്വേഷണമാണ്. അതായത് യേശു ക്രിസ്തു വിഭാവനം ചെയ്ത ദൈവരാജ്യം, അവിടുന്ന് മഹത്ത്വത്തോടെ എഴുന്നള്ളുമ്പോൾ പൂർണമായും സാക്ഷാത്കരിക്കപ്പെടുന്നത്. അവിടുത്തെ രാജ്യം ഇനിയും സഫലതയിലേക്കെത്തിയിട്ടില്ല, അവിടുന്ന് നമുക്കു നൽകിയ രക്ഷ ഇതിനകം സ്വീകരിച്ചുകഴിഞ്ഞവരിൽ അതിപ്പോൾതന്നെ സന്നിഹിതമാണെങ്കിൽ തന്നെയും, 'ദൈവരാജ്യം നമ്മിലുണ്ട്. അത് യുഗാന്തത്തിലാണെങ്കിലും, ലോകത്തിന്റേയും മാനവരാശിയുടേയും ഭാവിയിലാണെങ്കിലും, ഇതേസമയത്തുതന്നെ അത് നമ്മിൽ കാണപ്പെടുന്നു."

വരാൻപോകുന്ന നഗരം 'ദൈവം സംവിധാനം ചെയ്തതും, നിർമിച്ചതും, അടിസ്ഥാനമുറപ്പിച്ചതുമാണ്" (ഹെബ്രാ 11:10). അവിടുത്തെ പദ്ധതി, കഠിനമായ നിർമ്മാണപ്രവൃത്തിക്ക് നമ്മെ ക്ഷണിക്കുന്നു. നാം ഓരോരുത്തരും വ്യക്തിപരമായി അതിൽ ഉൾപ്പെടേണ്ടതുണ്ട്. വ്യക്തിപരമായ പരിവർത്തനവും, യാഥാർത്ഥ്യത്തിന്റെ മാറ്റവും ലക്ഷ്യംവച്ചുകൊണ്ടുള്ള ദൈവികപദ്ധതിക്ക് പൂർണമായി യോജിച്ചുകൊണ്ടുള്ള, അതീവശ്രദ്ധയോടെയുള്ള പരിശ്രമം അതിലുൾപ്പെട്ടിരിക്കുന്നു. പുതിയ ജെറുസലം, "ദൈവത്തിന്റെ മനുഷ്യരോടുകൂടെയുള്ള കൂടാരം" (വെളി 21:3), എന്ന ലക്ഷ്യത്തിലേക്ക് എത്തിപ്പെടുന്നതിൽനിന്നും നാം എത്ര അകലെയാണെന്നത് ചരിത്രത്തിന്റെ ദുരന്തങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. എങ്കിലും നാം നിരാശപ്പെടണമെന്ന് ഇതിനർത്ഥമില്ല. സമീപകാലത്തെ പരീക്ഷണങ്ങളുടെ വെളിച്ചത്തിൽ ഒരു പുതിയ ഭാവി കെട്ടിപ്പടുക്കാൻ, നവീകരിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് നമുക്ക് മനസിലാകുന്നുണ്ട്, എല്ലാ മനുഷ്യർക്കും സമാധാനത്തിലും അന്തസിലും ജീവിക്കാനാകുന്ന ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള ഒരു ലോകം കെട്ടിപ്പടുക്കാൻ.

'നീതി നിവസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും നാം കാത്തിരിക്കുന്നു (2 പത്രോ 3:13). നീതി ദൈവരാജ്യത്തിന്റെ നിർമാണ

ശിലകളിലൊന്നാണ്. ദൈവത്തിന്റെ ഇച്ഛ നടപ്പാക്കാനുള്ള നമ്മുടെ ദൈനംദിന പരിശ്രമങ്ങളിൽ, ക്ഷമയോടും ത്യാഗത്തോടും നിശ്ചയദാർഢ്യത്തോടും കൂടി നീതി കെട്ടിപ്പടുക്കേണ്ടതുണ്ട്. എങ്കിലേ അതിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർക്ക് സംതൃപ്തി നൽകാനാവൂ (cf. മത്താ 5:6). ദൈവത്തിന്റെ സൗഹാർദപരമായ പദ്ധതിയുടെ പൂർത്തീകരണമായി അവിടുത്തെ നീതിപൂർവകമായ രാജ്യം മനസിലാക്കണം. ക്രിസ്തു മരിക്കുകയും മൃതരിൽനിന്നും ഉത്ഥാനം ചെയ്യുകയും ചെയ്തതുവഴി, എല്ലാ സൃഷ്ടികളും അതിന്റെ ആദിമനന്മയിലേക്ക് തിരിച്ചുവന്നു. മാനവരാശി ഒരിക്കൽ കൂടി 'നല്ലതായി' (cf. ഉൽപ 1:1-31 ). അത്ഭുതകരമായ ഈ സൗഹൃദം വാഴണമെങ്കിൽ നമ്മൾ ക്രിസ്തുവിന്റെ രക്ഷ, സ്നേഹത്തിന്റെ സുവിശേഷം അംഗീകരിക്കണം. ഇന്നത്തെ ലോകത്ത് നിലനിൽക്കുന്ന ഒരുപാട് അസമത്വവും വിവേചനവും അതുവഴി നിർമാർജനം ചെയ്യാനാകും.

ആരും ഒഴിവാക്കപ്പെടരുത്. ദൈവത്തിന്റെ പദ്ധതി അനിവാര്യമായും എല്ലാവരേയും ഉൾക്കൊള്ളുന്നു. പ്രാന്തങ്ങളിൽ സ്ഥിതിചെയ്യുന്നവർക്ക് അത് മുൻഗണന നൽകുന്നു. അവർക്കിടയിൽ ഒരു പാട് കുടിയേറ്റക്കാർ, അഭയാർത്ഥികൾ, സ്ഥാനഭ്രഷ്ടജനത, മനുഷ്യക്കടത്തിന്റെ ഇരകൾ എന്നിവർ ഉണ്ട്. ദൈവരാജ്യം അവരോടൊപ്പം പടുത്തുയർത്തണം. അവരില്ലെങ്കിൽ അത് ദൈവം ഇച്ഛിക്കുന്ന രാജ്യമല്ല. ദൈവരാജ്യത്തിലെ പൂർണ പൗരത്വത്തിന്റെ നിർബന്ധിതമായ നിബന്ധന എളുപ്പം മുറിവേൽക്കാവുന്നവരെ ഉൾപ്പെടുത്തണം എന്നുള്ളതാണ്. കർത്താവ് ഇങ്ങനെ പറയുന്നു: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്ക് ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങളെന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു; നിങ്ങളെന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു; നിങ്ങളെന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങളെന്റെ അടുത്തുവന്നു." (മത്താ 25: 34–36)"

കുടിയേറ്റക്കാരും അഭയാർത്ഥികളുമൊത്ത് ഭാവി പടുത്തുയർത്തൽ എന്നതിനർത്ഥം നിർമാണപ്രക്രിയയിൽ അവർ ഓരോരുത്തർക്കും എത്രമാത്രം സംഭാവന ചെയ്യാനാകുന്നു എന്നതിന്റെ വിലമതിക്കലും തിരിച്ചറിയലും കൂടിയാണ്. ഏശയ്യായുടെ പ്രവചന കാഴ്ചപ്പാടിൽ കുടിയേറ്റത്തെക്കുറിച്ചുള്ള ഈ സമീപനം കാണാൻ ഞാനാഗ്രഹിക്കുന്നു. വിദേശികൾ അധിനിവേശക്കാരും നശിപ്പിക്കുന്നവരുമല്ല. മറിച്ച് പുതിയ ജറുസലെമിന്റെ മതിലുകൾ പണിതുയർത്തുന്നവരാണ്. എല്ലാ ജനതകൾക്കുമായി കവാടങ്ങൾ തുറക്കപ്പെട്ട ജറുസലെം (cf. ഏശ 60:10–11)

ഏശയയ്യായുടെ പ്രവചനപ്രകാരം വിദേശികളുടെ വരവുകൊണ്ട് സമ്പന്നതയുണ്ടാകുന്നു. "സമുദ്രത്തിലെ സമ്പത്ത് നിന്റെ അടുക്കൽ

കൊണ്ടുവരികയും ജനതകളുടെ ധനം നിനക്ക് ലഭിക്കുകയും ചെയ്യുമ്പോൾ നിന്റെ ഹൃദയം ആനന്ദപുളകിതമാകും" (ഏശ 60:5). കുടിയേറ്റക്കാരുടേയും അഭയാർത്ഥികളുടേയും സംഭാവന നമ്മുടെ സമൂഹങ്ങളുടെ സാമൂഹിക സാമ്പത്തികവളർച്ചയ്ക്ക് അടിസ്ഥാനമായി എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഇന്നത്തെ കാലത്ത് ഇത് സത്യമായി തുടരുന്നു. അവരുടെ ജോലി, യുവത്വം, ആവേശം, ത്യാഗസന്നദ്ധത എന്നിവ അവരെ സ്വീകരിച്ച സമൂഹങ്ങളെ സമ്പന്നമാക്കുകയാണ്. ശ്രദ്ധാപൂർവം വികസിപ്പിച്ച പദ്ധതികളും ഉദ്യമങ്ങളും വഴി പിന്താങ്ങാനായാൽ ഈ സംഭാവനകൾ അങ്ങേയറ്റം വർധിപ്പിക്കാനാകും. ഒരവസരം നൽകിയാൽ പരമാവധി പ്രയോജനപ്പെടുത്താൻ പാകത്തിൽ അവരുടെ വളരെ വലിയ കഴിവുകൾ നിലനിൽക്കുന്നു.

ഏശയ്യാ പ്രവചനത്തിൽ, പുതിയ ജറുസലെം നഗരകവാടങ്ങൾ തുറന്നു വച്ചിരിക്കയാണ്. അങ്ങനെ വിദേശികൾക്ക് കടന്നുവരാം. അവരുടെ സമ്പത്തുകൾ കൊണ്ടുവരാം: "ജനതകളുടെ സമ്പത്ത് അവരുടെ രാജാക്കന്മാരുടെ അകമ്പടിയോടെ നിന്റെയടുക്കൽ എത്തിക്കേണ്ടതിന് നിന്റെ കവാടങ്ങൾ രാപ്പകൽ തുറന്നുകിടക്കട്ടെ, ഒരിക്കലും അടയ്ക്കരുത്" (ഏശ 60:11), കുടിയേറ്റക്കാരുടേയും അഭയാർഥികളുടേയും സാന്നിധ്യം വലിയ വെല്ലുവിളിയെ പ്രതിനിധീകരിക്കുന്നു, അതേസമയം 'സാംസ്കാരികവും ആത്മീയവുമായ വളർച്ചയ്ക്ക് സമൃദ്ധമായി അവസരം' ഉണ്ടാക്കുകയും ചെയ്യുന്നു. നമ്മുടെ ലോകവും അതിന്റെ മനോഹര വൈവിധ്യവും കൂടുതലറിയാൻ അവർ മൂലമാകുന്നു. നമ്മുടെ പൊതു മാനവികത വളരാനും കൂടുതൽ കൂട്ടായ്മാബോധം ഒരുമിച്ചു പടുത്തുയർത്താനും ഇതിടയാക്കും. അന്യോന്യമുള്ള തുറവി, വ്യത്യസ്തമായ വീക്ഷണങ്ങളും പാരമ്പര്യങ്ങളും തമ്മിൽ ഫലപ്രദമായ വിനിമയത്തിന് ഇടമൊരുക്കുകയും, പുതിയ ചക്രവാളങ്ങളിലേക്ക് മനസിനെ തുറക്കുകയും ചെയ്യുന്നു. ഇതര മതങ്ങളിൽ സന്നിഹിതമായ ധന്യതയും നമുക്ക് അപരിചിതമായആത്മീയ രൂപങ്ങളും കണ്ടെത്തുന്നതിലേക്ക് നയിക്കുകയും നമ്മുടെ തന്നെ ധാരണകൾ ആഴത്തിലാക്കാൻ സഹായിക്കുകയും ചെയ്യുന്നു.

സർവജനതകളുടേയും പുതിയ ജറുസലെമിൽ വിദേശനാടുകളിൽനിന്ന് കൊണ്ടുവന്ന കാഴ്ചദ്രവ്യങ്ങളാൽ കർത്താവിന്റെ ആലയം കൂടുതൽ മനോഹരമായിരിക്കും. "കേദാറിലെ ആട്ടിൻപറ്റങ്ങളെ നിന്റെ അടുക്കൽ കൊണ്ടുവരും. നെബായോത്തിലെ മുട്ടാടുകളെ നിനക്ക് ലഭിക്കും. സ്വീകാര്യമാംവിധം അവ എന്റെ ബലിപീഠത്തിൽ വരും. എന്റെ ശ്രേഷ്ഠമായ ആലയത്തെ ഞാൻ മഹത്വപ്പെടുത്തും" (ഏശ 60:7) നാം കണ്ടിട്ടുള്ളതുപോലെ, കത്തോലിക്കാ അഭയാർഥികളുടേയും കുടിയേറ്റക്കാരുടേയും വരവ്, അവർ സ്വീകരിക്കപ്പെടുന്ന സമൂഹങ്ങളുടെ സഭാജീവിതം ഊർജസ്വലമാക്കുന്നുണ്ട്. നമ്മുടെ സമൂഹങ്ങൾക്ക് പുനർജീവൻ നൽകാനും ആഘോഷങ്ങൾ സജീവമാക്കാനും കഴിയുന്ന ആവേശം മിക്കപ്പോഴും അവർ കൊണ്ടുവരുന്നു. വിശ്വാസത്തിന്റെ ആരാധനയുടെ ഭിന്നഭാവങ്ങൾ

പങ്കുവയ്ക്കപ്പെടുകവഴി ദൈവജനതയുടെ കാതോലികത കൂടുതൽ പൂർണമായി അനുഭവിക്കാനുള്ള സുവർണാവസരം നമുക്ക് കൈവരികയാണ്.

പ്രിയ സഹോദരീസഹോദരന്മാരേ, വളരെ പ്രത്യേകിച്ച് യുവജനങ്ങളേ! സ്വർഗീയപിതാവുമായി ഭാവി പടുത്തുയർത്തുന്നതിൽ നമുക്ക് സഹകരിക്കണമെന്നുണ്ടെങ്കിൽ, നാമത് കുടിയേറ്റക്കാരും അഭയാർത്ഥികളുമായ സഹോദരിസഹോദരന്മാരോടൊപ്പം കൂട്ടായി ചെയ്യണം. നമുക്ക് ഭാവി ഇന്ന് നിർമിച്ചെടുക്കാം! കാരണം, ഭാവി ഇന്നു തുടങ്ങുന്നു. നാം ഓരോരുത്തരിൽനിന്നും ഇന്ന് നാം എടുക്കേണ്ട തീരുമാനങ്ങളുടെ ചുമതല, വരും തലമുറകളുടെ ചുമലിൽ വയ്ക്കരുത്. പകരം ലോകത്തിനായുള്ള ദൈവപദ്ധതി നാം നീതിയുടെ, സാഹോദര്യത്തിന്റെ സമാധാനത്തിന്റെ രാജ്യമായി സാക്ഷാത്കരിക്കണം.

**പ്രാർഥന**

കർത്താവേ, ഞങ്ങളെ പ്രത്യാശ പേറുന്നവരാക്കണമേ,
അങ്ങനെ ഇരുൾ നിറഞ്ഞിടങ്ങളിൽ
അങ്ങേ പ്രകാശം വിളങ്ങട്ടെ,
നിരുത്സാഹം നിറഞ്ഞിടങ്ങളിൽ,
ഭാവിയുടെ നിശ്ചയദാർഢ്യം പുനർജനിക്കട്ടെ.
കർത്താവേ ഞങ്ങളെ അങ്ങേ നീതിയുടെ ഉപകരണങ്ങളാക്കണമേ,
അങ്ങനെ പുറന്തള്ളൽ ഉള്ളയിടങ്ങളിൽ സാഹോദര്യം പുഷ്ടിപ്പെടട്ടെ,
സ്വാർഥതയുള്ളിടത്ത് പങ്കുവയ്ക്കൽ ചൈതന്യം വളരട്ടെ.
കർത്താവേ കുടിയേറ്റക്കാരും അഭയാർത്ഥികളുമൊപ്പം
പ്രാന്തങ്ങളിൽ കഴിയുന്ന എല്ലാവരോടുമൊത്ത്
അങ്ങേ രാജ്യം പടുത്തുയർത്തുന്നവരായി ഞങ്ങളെ മാറ്റണമേ
കർത്താവേ, സഹോദരീസഹോദരന്മാരായി വസിക്കുന്ന
തെത്ര മനോഹരമെന്ന് ഞങ്ങളെ പഠിപ്പിക്കണമേ, ആമേൻ.

– ഫ്രാൻസിസ് പാപ്പ

*ഭാരതത്തിന്റെ 76-ാം സ്വാതന്ത്ര്യദിനത്തിന്റെയും*
*പരിശുദ്ധ കന്യകാമറിയത്തിന്റെ*
*സ്വർഗ്ഗാരോപണത്തിന്റെയും*
*ആശംസകളും മംഗളങ്ങളും*
*വായനക്കാർക്ക് ആശംസിക്കുന്നു.*

*-പത്രാധിപസമിതി*

# മിഷൻ സൺഡേ സമ്മാനം-2021

## എ ഗ്രൂപ്പ് (500-ൽ കൂടുതൽ കുടുംബങ്ങൾ)

| | | |
|---|---|---|
| 1. | പാമ്പനാർ | 320,000.00 |
| 2. | മുണ്ടക്കയം | 311,460.00 |
| 3. | വണ്ടിപ്പെരിയാർ | 310,000.00 |

## ബി. ഗ്രൂപ്പ് (500-350 കുടുംബങ്ങൾ)

| | | |
|---|---|---|
| 1. | കുമളി | 304,050.00 |
| 2. | പാക്കിൽ | 266,000.00 |
| 3. | കോട്ടയം | 115,785.00 |

## സി. ഗ്രൂപ്പ് (350-200 കുടുംബങ്ങൾ)

| | | |
|---|---|---|
| 1. | പെരുമ്പാവൂർ | 210,000.00 |
| 2. | ചങ്ങനാശേരി | 202,020.00 |
| 3. | ദേവികുളം | 158,774.00 |

## ഡി. ഗ്രൂപ്പ് (200-100 കുടുംബങ്ങൾ)

| | | |
|---|---|---|
| 1. | കല്ലാർ (മേരിഗിരി) | 113,600.00 |
| 2. | ബിയെൽറാവു | 101,010.00 |
| 3. | കുട്ടിക്കാനം | 90,000.00 |

## ഇ. ഗ്രൂപ്പ് (100-ൽ താഴെ കുടുംബങ്ങൾ)

| | | |
|---|---|---|
| 1. | വൈശ്യംഭാഗം | 60,000.00 |
| 2. | പാല | 50,001.00 |
| 3. | തലയാർ | 45,050.00 |

## കോൺവെന്റ്

| | | |
|---|---|---|
| 1. | നിർമ്മല കോൺവെന്റ് കഞ്ഞിക്കുഴി | 13000.00 |
| 2. | സെന്റ് തെരേസാ മൗണ്ട്, മിണ്ടാമഠം | 10000.00 |

## സ്ഥാപനങ്ങളുള്ള കോൺവെന്റ്

| | | |
|---|---|---|
| 1. | മൗണ്ട് കാർമ്മൽ കോൺവെന്റ്, കഞ്ഞിക്കുഴി | 75000.00 |
| 2. | അമലാംബിക കോൺവെന്റ്, കുമളി | 50000.00 |

## സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | അസിസീ ഹോസ്പിറ്റൽ, മുക്കൂട്ടുതറ | 30000.00 |

## ചാപ്പൽസ്

| | | |
|---|---|---|
| 1. | വിമലഗിരി കത്തീഡ്രൽ | 110000.00 |
| 2. | ഹോളിഫാമിലി കഞ്ഞിക്കുഴി | 35,300.00 |

## ഷ്റൈൻ

| | | |
|---|---|---|
| 1. | സെന്റ് ആന്റണീസ് നാഗമ്പടം | 100000.00 |

# ജസ്റ്റിസ് സൺഡേ : നീതി ഞായർ ചിന്തകൾ
# 2022 ആഗസ്റ്റ് 21 ഞായർ
## KCBC/SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, കർത്താവിൽ പ്രിയ സഹോദരി സഹോദരന്മാരേ,

നമ്മുടെ മാതൃരാജ്യമായ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 75 വർഷം തികയുകയാണല്ലോ. ഇന്നും ഭാരതത്തിന്റെ മക്കൾ അസ്വാതന്ത്ര്യത്തിലും അമാധാനത്തിലും ദാരിദ്ര്യത്തിലും കഴിയുന്നത് എങ്ങും കാണുന്ന ഒരു യാഥാർത്ഥ്യമാണ്. അതിൽ ഏറ്റവും അധികം അസ്വാതന്ത്ര്യവും അനീതിയും അവഗണനയും വിവേചനവും അനുഭവിക്കുന്ന ജനവിഭാഗമാണ് ഭാരതത്തിലെ ക്രൈസ്തവ ജനസംഖ്യയിൽ ഭൂരിപക്ഷം (150 ലക്ഷം) വരുന്ന ദളിത് ക്രൈസ്തവർ. സുവിശേഷവെളിച്ചം സ്വീകരിച്ചുകൊണ്ട് പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച് ക്രൈസ്തവരായിത്തീർന്ന അനേക ലക്ഷം ആളുകൾ (10 ലക്ഷം) ഭാരതത്തിൽ അങ്ങോളമിങ്ങോളം നിവസിക്കുന്നുണ്ടെന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. അവരുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ ക്ലേശങ്ങളെയും വിവിധ മണ്ഡലങ്ങളിൽ അവരനുഭവിക്കുന്ന അവഗണനയേയും പറ്റി ഭാരത കത്തോലിക്കാനേതൃത്വത്തിനു പൂർണ്ണ ബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ, ഈ വിഭാഗത്തിൽപ്പെട്ട ആളുകളോടും അവരെപ്പോലെതന്നെ വിവിധ തരത്തിൽ ക്ലേശമനുഭവിക്കുന്ന മറ്റുള്ളവരോടുമുള്ള ഭാരത കത്തോലിക്കാസഭയ്ക്കുള്ള താത്പര്യവും സ്നേഹവും സഹാനുഭൂതിയും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതിന് ആഗസ്റ്റ് 15 നു ശേഷം വരുന്ന ഞായറാഴ്ച  നീതി ഞായർ ആയി ആചരിക്കാൻ 1986 ൽ ഗോവയിൽ കൂടിയ CBCI സമ്മേളനം തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം ഈ ദിനം ആചരിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം ജാതിവ്യവസ്ഥിതിയും വിവിധ ആചാരങ്ങളും നിമിത്തം സമൂഹത്തിൽ നിലവിലിരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരാകുകയെന്നതാണ്. അതോടൊപ്പം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു എന്ന ഏക കാരണത്താൽ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അവഗണന അനുഭവിക്കേണ്ടിവന്നവരുടെ ഉന്നമനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രശ്ന പരിഹാരാർത്ഥം വിവിധ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. CBCI ആഹ്വാനപ്രകാരം ഈ വർഷം ആഗസ്റ്റ് 21 Justice Sunday ആയി ഭാരതത്തിൽ ആചരിക്കുകയാണ്. നീതിക്കുവേണ്ടി പ്രത്യേകമായി നീക്കിവെച്ചിരിക്കുന്ന ഞായറാഴ്ച രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയ്ക്ക് വി

ഷയീഭവിച്ചിരിക്കുന്നത്. പട്ടികജാതിയിൽനിന്ന് ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവരോടു സഭ എത്രമാത്രം സ്നേഹത്തോടും താത്പര്യത്തോടുംകൂടിയാണ് പെരുമാറേണ്ടത് എന്നതാണ് ആദ്യത്തെ കാര്യം. രണ്ടാമത്, ഭരണഘടനാപരമായ അവകാശങ്ങൾ ദളിത് ക്രൈസ്തവർക്കു ലഭിക്കേണ്ടതിനു സംസ്ഥാന -കേന്ദ്ര ഗവൺമെന്റ് തലങ്ങളിൽ സഭ സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ്.

സമൂഹത്തിലെ താഴ്ന്ന ജാതിയിൽ നിന്ന് ക്രിസ്തീയ വിശ്വാസം സ്വീകരിച്ച് സഭയിലേക്കു വന്നവരാണെങ്കിലും സാമൂഹിക സാംസ്കരിക സാമ്പത്തിക വിദ്യഭ്യാസ രംഗങ്ങളിലെല്ലാം ദളിത് ക്രൈസ്തവർ പിന്നിലാണ്. ഇവരും നമ്മുടെ സഹോദരങ്ങളാണെന്നു പരിഗണിച്ച് മുൻവിധികളില്ലാതെ സഭാംഗങ്ങളായ ദളിത് ക്രൈസ്തവരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ നമുക്കേവർക്കും കടമയുണ്ട്. നമ്മുടെ കർത്താവ് അരുൾ ചെയ്തു: 'നിങ്ങളെല്ലാവരും സഹോദരന്മാരാണ്' (മത്തായി 23:18) 'നിങ്ങൾക്കൊരു പിതാവേയുള്ളൂ. സ്വർഗ്ഗസ്ഥനായ പിതാവ്' (മത്തായി 23:9). 'എന്റെ ഏറ്റവും ചെറിയ സഹോദരരിൽ ഒരാൾക്കു നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം എനിക്കുതന്നെയാണ് ചെയ്തത്' (മത്തായി 25:40). സഭയ്ക്കുള്ളിൽ താത്ത്വികമായി ജാതിതിരിവും വിവേചനവും ഇല്ലായെങ്കിലും സഭാസമൂഹത്തിൽ ഇപ്പോഴും പ്രായോഗികജീവിതത്തിൽ വിവേചനാപരമായ നിലപാടുകൾ വച്ചുപുലർത്തുന്നതായിക്കാണുന്നു. നമ്മുടെ മനോഭാവങ്ങളിൽ മാറ്റങ്ങളുണ്ടാവണം. സത്യവും നീതിയും സാഹോദര്യവും സ്വാതന്ത്ര്യവും നമ്മുടെ അനുദിനജീവിതത്തിലും പ്രവർത്തനങ്ങളിലും പാലിക്കണം. സഭയ്ക്കുള്ളിൽ ജാതി -വർണ വ്യത്യാസങ്ങൾ ഒന്നുമില്ല. അതേസമയം പരമ്പരാഗതമായി ചിലയിടങ്ങ ളിൽ ജാതിയുടെ പേരിൽ ചില ചേരിതിരിവുകൾ നിലനിൽക്കുന്നുണ്ട്. അവയെല്ലാം മാറ്റി ഈ സാധുജനവിഭാഗത്തെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള ശ്രമത്തിലാണ് നാമിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പുരോഗതി പ്രാപിച്ചാൽ മാത്രമേ ഇതു സാധ്യമാകൂ എന്നത് തർക്കമറ്റ സംഗതിയാണ്.

സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം അത്യുന്നതി നേടിയിട്ടുള്ള എല്ലാ ക്രൈസ്തവരും തങ്ങളുടെ ഇടയിലുള്ള ഈ എളിയ സഹോദരങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സഭയുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും അവരെ ഉൾപ്പെടുത്താൻ ശ്രമിക്കണം. തങ്ങൾ അവഗണിക്കപ്പെടുന്നു എന്ന ചിന്താഗതി അവർക്കുണ്ടാകാൻ ഇട നൽകരുത്. പുരോഗതിയിലേക്കുള്ള അവരുടെ പ്രയാണത്തിൽ എല്ലാ വിധത്തിലും അവരെ സഹായിക്കാൻ സഭാംഗങ്ങൾ തയ്യാറാകണം. അവരുടെ ഇടയിൽ നിന്ന് വൈദിക സന്ന്യാസാന്തസ്സുകളിലേക്കു ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതോടൊപ്പം അല്മായ പ്രേക്ഷിതത്വത്തിനുള്ള താത്പര്യം വളർത്തുകയും വേണം.

വിവിധ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്ന നമ്മുടെ ഈ സഹോദര

ങ്ങൾ മറ്റുള്ളവരോടുചേർന്ന്, ഒന്നിച്ചു സഹകരിച്ചു നീങ്ങിക്കൊണ്ട് സ്വന്തം ഉയർച്ചയ്ക്കു വേണ്ടി പരിശ്രമിക്കേണ്ടത് ആവശ്യമാണ്.

ഐക്യദാർഢ്യദിനത്തിൽ പൊതുയോഗങ്ങൾ, ചർച്ചാ ക്ലാസുകൾ തുടങ്ങിയവ വഴി ഈ പ്രശ്നം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 12 വർഷങ്ങളായി ദളിത് ക്രൈസ്തവരോടുള്ള ഈ അവഗണയുടെ കാര്യം കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകളെ ബോധ്യപ്പെടുത്തുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരുന്നുവെങ്കിലും സഭാനേതൃത്വവും അല്മായ നേതൃത്വവും ഒത്തൊരുമിച്ചു നടത്തിയ പരിശ്രമങ്ങൾ ഭാഗികമായേ വിജയിച്ചുള്ളൂ. പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിന് 2004-ൽ സുപ്രീം കോടതിയിൽ കേസ് കൊടുത്തുവെങ്കിലും 18 വർഷമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിസ്സഹരണംമൂലം ഒരു തീരുമാനം ഉണ്ടായിട്ടില്ല. നീതിക്കുവേണ്ടിയുള്ള ധർമസമരം ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നു. ജാതി-വർഗ- വർണ വ്യത്യാസം കൂടാതെ എല്ലാ പൗരന്മാർക്കും നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ഭരണഘടന ഉറപ്പു നൽകിയിരുന്നു. എങ്കിലും 72 വർഷമായിട്ടും പട്ടികജാതിയിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത ദളിത് ക്രൈസ്തവരോടു നീതി പാലിക്കുവാൻ കേന്ദ്ര -സംസ്ഥാന ഗവൺമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. കടുത്ത വിവേചനത്തിന്റെ നയമാണ് ഗവൺമെന്റ് അവരോടു സ്വീകരിച്ചു വന്നിട്ടുള്ളത്. ഇന്ത്യൻ പ്രസിഡന്റ് 1950 ൽ പ്രസിദ്ധപ്പെടുത്തിയ കോൺസ്റ്റിറ്റ്യൂഷൻ ഓർഡറാണ് ഈ വിവേചനത്തിനെല്ലാം അടിസ്ഥാനം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മുമ്പിൽ ഇക്കാര്യം സംബന്ധിച്ച് ഒട്ടേറെ നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇവയെല്ലാം കേവലം വനരോദമായിത്തീരുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാന നിയമസഭകളലേക്കും കേന്ദ്ര-പാർലമെന്റുകളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ പട്ടികജാതിക്കാർക്ക് പ്രത്യേക പ്രാധാന്യം നൽകണമെന്ന് മാത്രമാണ് പ്രസ്തുത ഓർഡർ കൊണ്ട് ഉദേശിക്കുന്നതെന്ന് തദവസരത്തിൽ ഗവൺമെന്റ് വ്യക്തമായിരുന്നുവെങ്കിലും പിന്നീട് ആ വിധത്തിൽ പ്രവർത്തിക്കുവാൻ കൂട്ടാക്കിയില്ല.

ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലെ അംഗങ്ങൾ എല്ലാവരും ഒരേ പിതാവിന്റെ മക്കളാണ്. സഭ സമൂഹത്തിലെ വ്യത്യാസങ്ങൾ ഉച്ചനീചത്വങ്ങളും അവഗണനയും വിവേചനവും മാറ്റിയെടുക്കുവാൻ നാമൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡാത്മക സഭ രൂപീകരിക്കുന്നതിനുവേണ്ടി സഭാനവീകരണവർഷമായി 2022 കേരളസഭ ആചരിക്കുകയാണല്ലോ. ക്രസ്തുവിന്റെ സുവിശേഷം സ്വീകരിച്ചവരാണ് നാമേവരും. ഒരേ മാമ്മോദീസായും ഒരേ വിശ്വാസവും സ്വീകരിച്ച നാം

ആദിമ ക്രൈസ്തവസമൂഹത്തേപ്പോലെ സ്നേഹത്തിലും കൂട്ടായ്മയിലുമാണ് വിശ്വാസജീവിതം പ്രാവർത്തികമാക്കുന്നത്. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായ നാം ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടെ പങ്കുവയ്ക്കുന്ന ജീവിതം വിശ്വാസം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നു. അങ്ങനെ വിശ്വാസജീവിതത്തിൽ വളർന്ന് ആദിമക്രൈസ്തവസമൂഹത്തെപ്പോലെ ക്രിസ്തുനാഥനു സാക്ഷ്യം വഹിക്കുന്ന ക്രൈസ്തവസമൂഹമായി നമ്മൾ രൂപാന്തരപ്പെടണം. ഇത്തരത്തിൽ നീതിക്കുവേണ്ടി ദളിത് ക്രൈസ്തവർ നടത്തുന്ന എല്ലാ ധർമസമരങ്ങളിലും പങ്കുചേരുകയെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ്. ഇവരുടെ ക്ഷേമത്തിനായി വിവിധ തലങ്ങളിലായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കണമെന്നും ദളിത് ക്രൈസ്തവസഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കഴിവതും സാമ്പത്തികസഹായവും സംരക്ഷണവും നൽകി വേദനിക്കുന്ന ഈ സഹോദരങ്ങളെ സഹായിക്കണമെന്നും അഭ്യർത്ഥക്കന്നു.

ദളിത് ക്രൈസ്തവസഹോദരങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങൾ സ്വീകരിച്ച ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുവാനും ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളോടും ഒന്നുചേർന്ന് ആദ്ധ്യാത്മികമായും ഭൗതികമായും വളരാനും സ്വയം അഭിവൃദ്ധിപ്പെടാനും പരിശ്രമിക്കേണ്ടതാണ്.

ഗവൺമെന്റിന്റെ ദളിത് ക്രൈസ്തവരോടുള്ള അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ദളിത് ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ 'ആഗസ്റ്റ് 21 ജസ്റ്റീസ് സൺഡേ' ഐക്യദാർഢ്യ ദിനമായി ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമ ത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി നമുക്കാശിക്കാം.

കേരള കത്തോലിക്കാസഭയുടെ ദളിത് ശാക്തീകരണപ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദളിത് കത്തോലിക്കാ മഹാജനസഭ വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2021–2022) എസ്.എസ്.എൽ. സി., (80%), പ്ലസ്ടു (70%), ഡിഗ്രി / പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്ത വിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതാണ്. കെ.സി.ബി.സി , എസ്.സി /എസ്.റ്റി./ബി.സി. കമ്മിഷന്റെ നേതൃത്വത്തിൽ ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), കലാപരമായ കഴിവുകൾ

കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, സിംഫണി ആർട്സ് എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എ സ്.സി. കോച്ചിംഗ്, എസ്.എസ്.എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസുകൾ എന്നിവ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. ദളിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺ ഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽനിന്നും ശേ ഖരിച്ച് രൂപതാകേന്ദ്രങ്ങൾ വഴി കെ.സി.ബി.സി, എസ്.സി. /എസ്.റ്റി ബി.സി കമ്മീഷൻ പേർക്ക് അയച്ചു തരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവക തലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർ ച്ചാ ക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം

ബിഷപ് മാർ ജേക്കബ് മുരിക്കൻ ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ
ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ വൈസ്ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ
ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ് വൈസ്ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

*ഈ സർക്കുലർ ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ പള്ളിയിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

പി.ഒ.സി., കേരള കത്തോലിക്ക സഭയുടെ ആസ്ഥാന കാര്യാലയം , കൊച്ചി.

---

## പരേതരെ സ്മരിക്കാം – ആഗസ്റ്റ്

| | | |
|---|---|---|
| 01 | (2004) | ഫാ. ഏബ്രഹാം നിലപ്പന |
| 01 | (2006) | ഫാ. ഏബ്രഹാം പാണങ്കാട്ട് |
| 03 | (1998) | ഫാ. ജോസഫ് കൊച്ചുപറമ്പിൽ |
| 07 | (2011) | ആർച്ച് ബിഷപ്പ് കോർണേലിയൂസ് ഇലഞ്ഞിക്കൽ |
| 09 | (2019) | ഫാ. മാത്യു കിഴക്കേക്കുറ്റ് |
| 13 | (2004) | ഫാ. വെയിൽസ് ജോസഫ് പനച്ചിത്തറ |
| 15 | (1998) | ഫാ. ഏബ്രഹാം പൗവ്വത്ത് |
| 16 | (1981) | ഫാ. സെബാസ്റ്റ്യൻ ഓണംകുളം |
| 21 | (1973) | ഫാ. തോമസ് കല്ലൂർവീടൻ |
| 23 | (1973) | ഫാ. ജോസഫ് വേണാട്ട് |

# നീതി ഞായർ ചിന്തകൾ

സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനസമൂഹമാണ് ദലിതർ. പാർശ്വവത്ക്കരണം ലോകത്തെ എല്ലാ സമൂഹങ്ങളിലും ഉണ്ടായിരുന്നു എന്നത് നിക്ഷേധിക്കാനാവാത്ത സത്യവുമാണ്. എന്നാൽ ഇന്ത്യയിലെ ദലിത് ജനത നേരിടുന്നത് കൊടിയ വിഷം വമിക്കുന്ന ജാതീയ അടിച്ചമർത്തലുകളാണ്. ഈ രാജ്യത്ത് ബ്രാഹ്മണ്യത്തിന്റെ മേൽക്കോയ്മ തകർക്കപ്പെടാതെ ദലിതർക്ക് സാമൂഹ്യ പുരോഗതി കൈവരിക്കുവാൻ കഴിയുകയില്ല.

നിലനില്പിനായുള്ള പോരാട്ടത്തിൽ കരുത്തുള്ളവർ അതിജീവിക്കും എന്ന ശാസ്ത്രതത്വവും സാമൂഹ്യനീതിയും നിലനിൽക്കുന്നതുകൂടി പരിഗണിക്കുമ്പോൾ ദലിതർ അതിജീവിനത്തിനുള്ള കരുത്ത് നേടുകയെന്നത് വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. ചാതുർവർണ്യവ്യവസ്ഥയുടെ കീഴിൽ ഏറെ നൂറ്റാണ്ടുകൾ ഞെരിഞ്ഞമർന്ന ജനത അവരുടെ തലമുറകളിലേക്ക് പ്രസരിപ്പിച്ചത് പ്രതീക്ഷ ഇല്ലായ്മയുടേയും പ്രത്യാശ ഇല്ലായ്മയുടേയും ജീവാണുക്കളെയായിരുന്നു. ആ ജീവാണുക്കൾ ഇന്നും ദലിതർ തുടരുന്നതുകൊണ്ട് ലോകത്തിന്റെ മാറ്റം അതേയളവിൽ യഥാകാലം ഉൾകൊള്ളാൻ ദലിതർക്കു കഴിയുന്നില്ല.

ഹിന്ദു മതത്തിലെ ജാതിക്രമങ്ങൾ അതേപടി നമ്മുടെ വിവിധ സഭാ സമൂഹങ്ങളിലും നിലനിൽക്കുകയും അനുവർത്തിക്കുകയും ചെയ്യുന്നു എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്. വാക്കുകൾ കൊണ്ട് ജാതിയില്ലയെന്ന് പറയുന്നതല്ല, മറിച്ച് നിത്യജീവിതത്തിൽ സംഭവിക്കുന്നവ പരിശോധിക്കുമ്പോഴാണ് എല്ലാതലങ്ങളിലും ജാതി അതിന്റെ ഭീകരതയിൽ ജ്വലിച്ചു നിൽക്കുന്നു എന്ന് കാണുവാൻ കഴിയുക. ഈ അവസ്ഥ എല്ലാ മേഖലകളിൽ നിന്നും തുടച്ചു നീക്കപ്പെടാതെ ദലിത് ക്രൈസ്തവർക്ക് സമൂഹത്തിൽ നീതി കൈവരിക്കുവാൻ സാധിക്കുകയില്ല.

സമൂഹ്യനീതിക്കുവേണ്ടി അല്ലെങ്കിൽ തുല്യ നീതിക്കുവേണ്ടി നാം പോരാടുമ്പോൾ സഭയോടു ചേർന്നു നിന്നുകൊണ്ട് സഭയുടെ ആദർശങ്ങളെ മുറുകെ പിടിച്ചുകൊണ്ട് തന്നെ നാം മുന്നോട്ട് പോകണം എങ്കിൽ മാത്രമേ നാം ആയിരിക്കുന്ന അവസ്ഥയിൽ നമുക്ക് മോചനവും നീതിയും ലഭിക്കുകയുള്ളൂ.

എല്ലാ രീതിയിലും നിശ്ശേഷം തകർക്കപ്പെട്ട ജന സമൂഹമെന്ന നിലയിൽ പ്രത്യേക പരിരക്ഷയും ആവശ്യമായിരിക്കുന്നതുകൊണ്ടാണ് ഡോ. ബി.ആർ. അംബേദ്ക്കറുടെ നേതൃത്വത്തിലുള്ള ഭരണഘടന നിർമ്മാണ സമിതി മത വ്യത്യാസമില്ലാതെ ദലിത് ആദിവാസി സമൂഹങ്ങൾക്ക് സംവരണം നടപ്പിലാക്കിയത്. എന്നാൽ രാജ്യത്തെ മത വർഗ്ഗീയ ചിന്തകൾ ഭരണഘടന തത്വങ്ങളെ ബലികഴിച്ചുകൊണ്ട് 1950 ആഗസ്റ്റ് 10ലെ ഉത്തരവ് വഴി സംവരണം മതത്തിന്റെ അടിസ്ഥാനത്തിലാക്കി. ദലിത് ക്രൈസ്തവരേയും മറ്റിതര വിഭാഗങ്ങളേയും സംവരണ മണ്ഡലത്തിൽ നിന്നും പുറത്താക്കി. അങ്ങനെ 72 വർഷങ്ങളായി കൈവരിക്കാമായിരുന്ന സാമൂഹ്യ നീതി നഷ്ടപ്പെട്ട ഒരു ജനവിഭാഗംകൂടി ആയി ഇന്ത്യയിലെ ദലിത് ക്രൈസ്തവർ.

72 വർഷങ്ങളിലെ സംവരണ നഷ്ടം ദലിത് ക്രൈസ്തവരെ സംബന്ധിച്ച് ഒരിക്കലും തിരിച്ച് പിടിക്കാനാവാത്ത നഷ്ടം തന്നെയാണ്. 1950 കളിൽ തന്നെ

ഇതിന്റെ പ്രത്യാഘാതം തിരിച്ചറിഞ്ഞ നമ്മുടെ പൂർവ്വീക നേതാക്കന്മാർ ദലിത് ക്രൈസ്തവരുടെ യോജിച്ച പ്രക്ഷോഭങ്ങൾക്കായി രൂപം കൊടുത്ത സംഘടനയാണ് ഡി.സി.എം.സ്- ദളിത് കത്തോലിക്കാ മഹാജനസഭ.

വിജയപുരം രൂപതയിലെ ദലിത് ക്രൈസ്തവർക്ക് എന്നും അഭിമാനത്തോടെ ഓർമ്മിക്കാൻ കഴിയുന്ന കാര്യം ദലിത് ക്രൈസ്തവ സംഘടനയ്ക്കും സമരങ്ങൾക്കും നെടുനായകത്വം വഹിച്ചത് ശ്രീ. പി.എം. മർക്കോസ് എം.എൽ.എ ആയിരുന്നു എന്നതാണ്. അതിന് ആതിഥ്യമരുളിയത് നമ്മുടെ രൂപത വക ഗുഡ്ഷെപ്പേർഡ് എൽ.പി. സ്കൂളാണ്. ഇവ രണ്ടും ദലിത് ക്രൈസ്തവ സമര ചരിത്രത്തിൽ എന്നും കത്തി ജ്വലിച്ച് നിൽക്കേണ്ട നിത്യസ്മാരകങ്ങളാണ്. 1986-ൽ ഗോവയിൽ വച്ച് കൂടിയ ഭാരത മെത്രാൻ സമിതി (സി.ബി.സി.ഐ) ഇൻഡ്യയിലെ ദലിത് ക്രൈസ്തവർ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേകമായി പഠിക്കുകയും, വർഷത്തിലൊരിക്കൽ ദലിത് ക്രൈസ്തവ ദിനമായി ആചരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. അങ്ങനെ ഓഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായറായി ആചരിക്കുവാൻ തീരുമാനിച്ചു. ഈ വർഷത്തെ നീതി ഞായർ ഓഗസ്റ്റ് 21 നാണ്. ഈ ദിനത്തിൽ സഭയിലെ മുഴുവൻ ക്രൈസ്തവരും ഒന്നു ചേർന്ന് ദലിത് ക്രൈസ്തവവിഷയം ചർച്ച ചെയ്യണമെന്നാണ് സംഘടന ആത്മാർത്ഥമായി ആഗ്രഹിക്കുന്നത്.

നമ്മുടെ രൂപതയിലെ ഡി.സി.എം.എസ്. പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും എല്ലാ ഇടവകകളിലും യൂണിറ്റുകൾ സ്ഥാപിക്കുകയും വേണം. അതിനായി അഭിവന്ദ്യ പിതാവിന്റേയും ബഹുമാനപ്പെട്ട വൈദികരുടേയും ജനങ്ങളുടേയും പിന്തുണയും സഹകരണവും തേടുന്നു.

**ജോയി ജോർജ് കൂനാനിയ്ക്കൽ,**
രൂപതാ പ്രസിഡന്റ്, ഡി.സി.എം.എസ്.

## കുടുംബവർഷം സമാപനം തലയാർ



സർവ്വത്രികസഭയോടൊത്ത് തലയാർ സെന്റ്. ആന്റണിസ് ഇടവകയിൽ കുടുംബവർഷം സമാപനം ജൂൺ 26 ാം തീയതി ഞായറാഴ്ച നടത്തി. ദിവ്യബലി മധ്യേ എല്ലാ ദമ്പതിമാരുടെയും വിവാഹവാഗ്ദാനം നവീകരിച്ചു. വികാരി ഫാ. ഫിലിപ്പ് ജോഷി തേവർകളത്തിൽ വിവാഹവാഗ്ദാനം നവീകരിച്ച ദമ്പതികൾക് ആശംസകൾ നേർന്നു.

# തടവറ പ്രേഷിത ഞായർ, ആഗസ്റ്റ് 14, 2022

## സമഗ്ര മാനുഷിക വികാസവും തടവുകാരുടെ അജപാലനവും

**യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

2021 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിച്ച ലോക തടവറ ജനസംഖ്യാ (World Prison Population List) കണക്കുപ്രകാരം ലോകമാസകലം 11.5 ദശലക്ഷം തടവുകാരാണുള്ളത്. ഭാരതത്തിൽത്തന്നെ നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് 1306 വ്യത്യസ്ത ജയിലുകളിലായി 4,88,511 തടവുകാരാണ് ഉള്ളത്. ഇതിൽ 413 പേർ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നവരാണ്. തടവുകാരിൽ 20,046 പേർ സ്ത്രീകളാണ്; 1427 കുട്ടികൾ അവരുടെ അമ്മമാരോടൊപ്പം താമസിക്കുന്നു. നമ്മുടെ പ്രിയപ്പെട്ടവർ ആരെങ്കിലും അഴിക്കുള്ളിൽ ആയിപ്പോയാൽ നമ്മൾ എന്തു ചെയ്യും? അതിന്റെ ആഘാതം നമ്മിൽ എത്രയോ വലുതായിരിക്കും! നമ്മുടെ ഭവനങ്ങളിൽ സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കുക മാത്രമായിരിക്കുമോ നാം ചെയ്യുക? അവരുടെ മോചനത്തിനായി ചെയ്യാവുന്നതൊക്കെ ചെയ്യുവാൻ നമ്മൾ ശ്രമിക്കാതിരിക്കുമോ? നാം തടവറ പ്രേഷിത ഞായർ ആചരിക്കുമ്പോൾ ഈ തടവറ മക്കളെയെല്ലാം നമുക്ക് ഓർക്കാം; അവർക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കാം. അവരെ അന്വേഷിക്കാനും ശുശ്രൂഷിക്കാനും മോചിപ്പിക്കാനുമായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

നമ്മുടെ ചില സഹോദരങ്ങളുടെ ഹൃദയം പ്രതികാരബുദ്ധിയും വെറുപ്പുംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. അവരുടെ നിരാശാജനകമായ സാഹചര്യത്തിൽ അവരെ നയിക്കാൻ അവർക്കു ആരെങ്കിലും ഉണ്ടാകണം. ഇസ്രായേൽക്കാരെ നയിക്കാനും നിയന്ത്രിക്കാനും മോശ ഭരമേല്പിക്കപ്പെട്ടിരുന്നതുപോലെ ദൈവിക കരുണയുടെയും കൃപയുടെയും പാതയിൽ ഇവരെ അനുധാവനം ചെയ്യാനായി നാമും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധ കൊച്ചുത്രേസ്യാ മൂന്നുപേരെ വധിച്ചിരുന്ന ഫ്രാൻസീനി എന്ന കൊലയാളിയെ "എന്റെ ആദ്യപുത്രൻ" എന്നാണ് വിളിച്ചത്; അഴികൾക്കു പിറകിലുള്ള തകർന്നവർ ദൈവം നമുക്കു ദാനമായി നല്കിയ ദൈവത്തിന്റെ പ്രിയ മക്കളാണ്. യേശു ഇപ്രകാരം പറഞ്ഞു: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18–19). ദൈവത്തിന്റെ പ്രിയപ്പെട്ട ഏകപുത്രൻ തടവറയിലാക്കപ്പെട്ടു; അവൻ പീഡിപ്പിക്കപ്പെട്ടു; അവൻ കുരിശിൽ തറക്കപ്പെട്ടു. അവന്റെ വേദനയും തകർച്ചയും ദൈവത്തിന്റെ സ്നേഹവും കരുണയും പ്രകാശിതമാക്കുകയും നമുക്കു രക്ഷ പ്രദാനം ചെയ്യുകയും ചെയ്തു. തടവറ വാ

തിലുകളിലൂടെ നാം കുനിഞ്ഞിറങ്ങുമ്പോൾ തടവറയിലായിരിക്കുന്നവരുടെ തകർച്ചയിലേക്കു, അവരുടെ മുറിവേറ്റ ഭാവത്തിലേക്കു നമ്മൾ തുറവി ഉള്ളവരായി മാറുന്നു. അവിടെ നമ്മൾ നമ്മുടെ സജീവ ദൈവത്തെയാണ് കണ്ടുമുട്ടുന്നത്.

നഷ്ടപ്പെട്ടവരും തിരസ്ക്കരിക്കപ്പെട്ടവരുമായവർ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണ്; അവിടന്നു അവരെ തന്നോട് ചേർത്തുനിർത്തുന്നു. സമൂഹം നിരാകരിച്ച കുഷ്ഠരോഗികളും ചുങ്കക്കാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും തന്റെ ചാരെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളനും ഇതിൽപ്പെടുന്നു. തടവറയിൽ കഴിയുന്നവരെ വിജയകരമായി സാധാരണ ജീവിതത്തിലേക്കു പുനഃപ്രവേശിപ്പിക്കാൻ അവർക്കുവേണ്ടി വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സാമൂഹ്യമായ തിരസ്ക്കരണമാണ് വീണ്ടും പഴയ തെറ്റിലേക്ക് വഴുതിവീഴാൻ പലപ്പോഴും കാരണമായി ഭവിക്കുന്നത്.

**ഭാരതത്തിലെ തടവറ ശുശ്രൂഷയും, പുനരധിവാസകേന്ദ്രങ്ങളും**

അപൂർണമായ ഗതകാലചരിത്രം ഉണ്ടായിരുന്നവരെ യേശു ഒരിക്കലും നിരാകരിച്ചില്ല. തന്റെ അനന്ത കരുണ അവർക്ക് പ്രത്യാശാഭരിതമായ ഒരു ഭാവി നല്കുമെന്ന് യേശുവിന് അറിയാമായിരുന്നു. ഒരുവന് അത് കരഗതമാകുന്നത് സ്നേഹത്തിലൂടെയും അനുകമ്പയിലൂടെയും കരുണയിലൂടെയുമാണ്. അപ്രകാരം നാമും ചെയ്യണമെന്ന് അവിടന്നു നമ്മോട് ആഹ്വാനം ചെയ്യുന്നു. ഇന്ത്യയിലെ തടവറ ശുശ്രൂഷയിലെ (Prison Ministry, India- [PMI]) വോളണ്ടിയർമാർ അത് നിവർത്തിയാക്കുന്നത് തങ്ങളുടെ സമയവും ശക്തിയും ജീവിതവും കുറ്റവാളികൾ എന്നു സമൂഹം മുദ്രചാർത്തിയവർക്കു നല്ലൊരു നാളെ പ്രധാനം ചെയ്യാനായി സ്വയം സമർപ്പിച്ചുകൊണ്ടാണ്.

വിധികല്പിക്കാനായി നിയമം അവരുടെ ഭൂതകാലത്തെ വിലയിരുത്തുമ്പോൾ നമ്മൾ അവരുടെ ഭാവികാലത്തെ കരുണാപൂർവം നോക്കിക്കാണുന്നു. നിയമം വഴിതെറ്റിപ്പോയവർക്കെതിരേ വിധി പറയുമ്പോൾ നമ്മൾ, അവരെ നമ്മുടെ സ്വർഗീയ പിതാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കുന്നു. നിയമം അവരെ താഴ്ത്തി നിറുത്തുമ്പോൾ നമ്മൾ അവരുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കുന്നു. ലോകം നീതിക്കായി പോരാടുമ്പോൾ നമ്മൾ പുനഃസ്ഥാപിക്കപ്പെടേണ്ട നീതിക്കായി (restorative justice) മുറവിളികൂട്ടുന്നു. ലോകം ശിക്ഷയ്ക്കായി ശബ്ദമുയർത്തുമ്പോൾ നമ്മൾ മാപ്പിനായി യാചിക്കുന്നു. നിയമം കൊല്ലാൻ ഇഷ്ടപ്പെടുമ്പോൾ നമ്മൾ രക്ഷിക്കാൻ താത്പര്യപ്പെടുന്നു. ലോകം ഒരു കുറ്റവാളിയുടെ പുസ്തകം അടയ്ക്കുമ്പോൾ നമ്മൾ, 'അവനും മോചിക്കപ്പെടാൻ സാധിക്കാത്തവനല്ല' എന്നു പറഞ്ഞുകൊണ്ട് പുതിയൊരു അധ്യായം ആരംഭിക്കുന്നു.

നമ്മുടെ ഈ കാലഘട്ടത്തിൽ പുനരധിവാസവും ഉദ്ഗ്രഥനവും വഴിയായി ജീസസ്സ് ഫ്രറ്റേണിറ്റിയിലെ തടവറ പ്രേഷിതർ അഴികൾക്ക് പിന്നിലുള്ളവരെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിലേക്കു നയിച്ചുകൊണ്ട് ഈ തകർന്ന മനുഷ്യർക്ക് പ്രതീക്ഷയുടെ തേനും പാലും

ഒഴുകുന്ന ഒരു വാഗ്ദത്തനാട് കണ്ടെത്താൻ സഹായിക്കുന്നു. അതുവഴി ഒരു നവചൈതന്യം അവരിൽ ഉണർത്താൻ നമുക്കു സാധിക്കുന്നു. ഈ പുനരധിവാസ കേന്ദ്രങ്ങളിൽ അവരുടെ പ്രതീക്ഷകൾക്കും സ്വപ്ന ങ്ങൾക്കും ചിറകു മുളയ്ക്കുന്നു; തടവറ പ്രേഷിതർ അവർക്കു ക്രിസ്തുവിന്റെ സ്നേഹം പകർന്നു നല്കിക്കൊണ്ട് അവരെ സമൂഹവുമായി ഒന്നിപ്പിക്കാൻ ശ്രമിക്കുന്നു.

1991 ഒക്ടോബർ 1-ാംതീയതിയാണ് ആദ്യ പുനരധിവാസകേന്ദ്രം, "സ്നേഹാശ്രമം" എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഭാരതത്തിൽ ഇപ്രകാരമുള്ള 20 പുനരധിവാസകേന്ദ്രങ്ങളുണ്ട്. ഓരോ പുനരധിവാസകേന്ദ്രവും അവിടെ താമസിക്കുന്ന അന്തേവാസികൾക്ക് പറുദീസാ വീണ്ടും ലഭിച്ചതുപോലെയുള്ള അനുഭവമാണ് പ്രദാനം ചെയ്യുന്നത്. നിരാശയിലായിരുന്നവർക്ക് സ്നേഹാശ്രമം ഒരു പ്രത്യാശാ ഗോപുരവും, നിസ്സഹായർക്ക് ഒരു സഹായകേന്ദ്രവും, ജയിലിൽ വെറുക്കപ്പെട്ടവരായിരുന്നവർക്ക് ആശ്വാസത്തിന്റെ സ്നേഹതീരവും ആണ്.

**ഒരമ്മയുടെ സാക്ഷ്യം**

ഭർത്താവിൽ നിന്നുള്ള പ്രഹരത്തിൽ നിന്ന് രക്ഷപ്പെടാനായി പരിശ്രമിക്കവേ ഭർത്താവ് കൊല്ലപ്പെട്ട കേസിൽ ഒരു ഭാര്യ രണ്ടു വയസ്സുള്ള തന്റെ കുഞ്ഞിനോടൊപ്പം ബാംഗ്ലൂർ സെൻട്രൽ ജയിലിലേക്ക് അയയ്ക്കപ്പെട്ടു. ആറാമത്തെ വയസ്സിൽ ഈ കുഞ്ഞിനെ തടവുകാരുടെ മക്കൾക്കായി നടത്തപ്പെടുന്ന ബാംഗ്ലൂരിലെ കർമ്മലാരാമിലെ പുനരധിവാസ കേന്ദ്രത്തിലേക്കു മാറ്റി. ഒരിക്കൽ നിറകണ്ണുകളോടെ ഈ അമ്മ ഇപ്രകാരം പറഞ്ഞു: "ഞങ്ങളുടെകൂടെ ആയിരുന്നു ഈ കുഞ്ഞ് വളർന്നിരുന്നതെങ്കിൽ ഇപ്പോഴത്തെപ്പോലെ ചുറുചുറുക്കും ബുദ്ധിയുമുള്ള ഒരു കുട്ടിയായി അവൻ തീരുമായിരുന്നില്ല. നിങ്ങളുടെ സംരക്ഷണയിലായിരുന്നതുകൊണ്ടാണ് അവൻ ഇന്ന് ഇത്രയും മിടുക്കനായിരിക്കുന്നത്."

**ഉപസംഹാരം**

തടവറയിലെ ഈ തകർക്കപ്പെട്ട സഹോദരങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനും അവരെ സമൂഹവുമായി പുനർയോജിപ്പിക്കുന്നതിനുമായി തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ ജീസസ്സ് ഫ്രറ്റേണിറ്റിയോടുചേർന്ന് നമുക്കും പ്രവർത്തിക്കാം. ഓരോ രൂപതയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റി യൂണിറ്റുകളിൽ നമുക്കും അംഗങ്ങളാകാം. തടവറയിലായിരിക്കുന്ന സഹോദരങ്ങളെ നമുക്ക് സ്നേഹിക്കാം; അവർക്കുവേണ്ടി പ്രാർഥിക്കാം; സമഗ്രമായ അവരുടെ വികാസത്തിനുവേണ്ടി പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. തടവറ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ ഇരകളുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകമായി നമുക്കു പ്രാർഥിക്കാം.

ഈ ശുശ്രൂഷയ്ക്കായി ഉദാരമായി സംഭാവന ചെയ്യുന്ന എല്ലാ രൂപതകൾക്കും മേജർ സുപ്പീരിയർമാർക്കും, അഭ്യുദയകാംക്ഷികൾക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയോടുചേർന്ന് ഞങ്ങൾ കൃതജ്ഞത


അർപ്പിക്കുന്നു. ഈ വർഷവും നിങ്ങളുടെ ത്യാഗോജ്ജ്വലമായ സംഭാവനകൾ നല്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തടവുകാരുടെ പരിവർത്തനത്തിനും ഉദ്ഗ്രഥനത്തിനുമായി പ്രതിജ്ഞാബദ്ധരായിരിക്കുന്ന തടവറ പ്രേഷിതരുടെ പ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ഏറെ വെല്ലുവിളി നിറഞ്ഞ ഒരു പ്രവൃത്തിയാണല്ലോ ഇത്. തടവറയിലുള്ള നമ്മുടെ സഹോദരങ്ങളുടെ സമ്പൂർണ വിമോചനത്തിനായി നാം നമ്മെത്തന്നെ പുനഃസമർപ്പിക്കുമ്പോൾ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ സംരക്ഷകനായ വിശുദ്ധ മാക്സ്മില്യൻ കോൾബെ നമ്മുടെ ശുശ്രൂഷ ഫലപ്രദമാകാൻവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ; നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണവും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശുക്രിസ്തു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് ആൽവിൻ ഡി സിൽവ**
ചെയർ പേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ

---

## മരിയാ ഗൊരേത്തി ദിനാഘോഷവും ഭക്തസംഘടനകളുടെ ഉദ്ഘാടനവും



മുണ്ടക്കയം സെന്റ് മേരീസ് ദൈവാലയത്തിൽ സി.എം.എൽ, തിരുബാലസഖ്യം എന്നിവ ഉദ്ഘാടനം ചെയ്തു. ബ്രദർ റ്റിബിൻ തോമസ് വി. മരിയാഗോരേത്തിയുടെ ജീവിത സന്ദേശം നൽകി.

# തീരശുചീകരണം

**ശുചിത്വ സാഗരം, സുന്ദരതീരം**

കേരള സർക്കാരിന്റെ മത്സ്യവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക്- മാലിന്യ മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കാൻ സമഗ്രവും വിപുലവുമായ ഒരു പദ്ധതിക്ക് രൂപം നല്കിയിരിക്കുകയാണ്. നാഗരിക ജീവിതശീലങ്ങളുടെയും പുതിയ ഉപഭോഗസംസ്കൃതിയുടെയും അവശിഷ്ട മാലിന്യങ്ങൾ ഒഴുകിയെത്തുന്നത് ജലാശയങ്ങളിലും തീരങ്ങളിലുമാണ്. ഈ പദ്ധതിയോട് പൂർണ്ണമായും സഹകരിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്.

കടലും കടൽത്തീരവും നമ്മുടെ സമൂഹത്തിലെ വലിയൊരു വിഭാഗത്തിന്റെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന് കടലും കടൽത്തീരവും കായലും കായലോരവും എല്ലാ ജലാശയങ്ങളും അജൈവമാലിന്യങ്ങളാൽ നിറഞ്ഞിരിക്കുന്നു. നമ്മുടെ ഉപയോഗത്തിനു ശേഷം അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ നമ്മുടെ പ്രകൃതിയെയും ഭുമിയെയും നാശോന്മുഖമാക്കിയിരിക്കുന്നു. നമുക്കാകെയുള്ള പൊതു ഭവനമാണ് ഈ ഭൂമിയെന്ന് ഫ്രാൻസിസ് പാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. കടലും കായലും മാലിന്യങ്ങളാൽ നിറയുമ്പോൾ അത് തീരക്കടലിന്റെ ആവാസ വ്യവസ്ഥയെ തകിടം മറിക്കുകയും കടലിലെ ജീവജാലങ്ങളുടെ മുഴുവൻ നിലനില്പിന് ഭീഷണിയാവുകയും ചെയ്യുന്നു. കടലിനെ ഉപജീവനമാർഗ്ഗമായി കാണുന്ന ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാ ളികളുടെ ജീവിതത്തെയും ഉപജീവന സുരക്ഷയെയും ഇത് ഗുരുതരമായി ബാധിക്കുകയും ചെയ്യും. ജലാശയങ്ങളിൽ നിയന്ത്രണമില്ലാതെ എത്തപ്പെടുന്ന പ്ലാസ്റ്റിക്കുകൾ ക്രമേണ ചെറുകണങ്ങളായി തീർന്ന് ജല ജീവികളിലൂടെ മനുഷ്യ ശരീരത്തിലെത്തുകയും ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതും ചെയ്യുന്നത് നമ്മെ ഏറെ ഭീതിപ്പെടുത്തുകയും ചെയ്യുന്നു.

ഭൂമിയിലെ ജൈവ വൈവിധ്യ സമ്പന്നത ഭൂമിക്കു മുഴുവനും മനുഷ്യ വംശത്തിന്റെ ഭാവിക്കും എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് അങ്ങേയ്ക്ക് സ്തുതി എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ചൂണ്ടിക്കാട്ടുന്നുണ്ട്. പ്രകൃതിയെ സംരക്ഷിക്കാനുള്ള ബാധ്യത സഭയുടെ പ്രബോധനങ്ങൾ ആവർത്തിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. ശുചിത്വ സാഗരം, സുന്ദര തീരം എന്ന പദ്ധതിയുടെ പ്രവർത്തനങ്ങളിലെല്ലാം പങ്കു ചേർന്ന് നമ്മുടെ പൊതു ഭവനത്തെ കൂടുതൽ മനോഹരമായ വാസഗൃഹമാക്കാം ....

തീരദേശത്തെ ഇടവകകളും ബിസിസി യൂണിറ്റുകളും സംഘടനകളും ഈക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പവും പ്രദേശത്തെ സാമൂഹ്യ സന്നദ്ധ സംഘടനകൾക്കൊപ്പവും ഈ ശുചീകരണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകണം. ഓരോ ഇടവകയും അവരുടെതായ രീതിയിൽ പരിസ്ഥിതിയെ മാലിന്യ മുക്തമാക്കുന്നതിന് ആവശ്യമായ പ്രചരണം നടത്തുകയും മാലിന്യനിർമ്മാർജന പ്രക്രിയയിൽ സജീവ പങ്കാളികളാവുകയും വേണം.

കടലിലെ വിസ്മയ ലോകത്തെ ആരാണ് വെള്ളത്തിനടിയിലുള്ള നിറവും ജീവനുമില്ലാത്ത ശ്മശാന ഭൂമികളാക്കി മാറ്റിയതെന്ന് പാപ്പ ആശങ്കപ്പെടുന്നുണ്ട് (അങ്ങേയ്ക്ക് സ്തുതി 41). സർവ്വശക്തനായ ദൈവമേ, അവിടന്നു മുഴുവൻ പ്രഞ്ചത്തിലും അങ്ങയുടെ സൃഷ്ടികളിൽ ഏറ്റവും ചെറുതിലും സന്നിഹിതനാണല്ലോ. ഈ ലോകത്തെ സംരക്ഷിക്കുകയും അതിനെ കവർച്ച ചെയ്യാതിരിക്കുകയും മലിനീകരണവും നാശവും വിതയ്ക്കാതെ സൗന്ദര്യം വിതയ്ക്കുകയും ചെയ്യാൻ ഞങ്ങളുടെ ജീവിതങ്ങളെ സുഖപ്പെടുത്തണമേ (അങ്ങേയ്ക്ക് സ്തുതി) എന്ന് ഫ്രാൻസിസ് പാപ്പായോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

*(കേരള സർക്കാർ നടപ്പിലാക്കുന്ന **ശുചിത്വ സാഗരം, സുന്ദര തീരം** എന്ന പരിസ്ഥിതി സംരക്ഷണ ശ്രമങ്ങളിൽ പങ്കാളികളാകാനുള്ള കേരളത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനം.)*






## ജന്മദിനാശംസകൾ

**ആഗസ്റ്റ്**

- 02 ഫാ. ജോർജ് ചക്കുങ്കൽ
- 04 ഫാ. സെബാസ്റ്റ്യൻ വെളിയിൽ
- 05 ഫാ. തോമസ് തറയിൽ
- 07 ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ
- 09 ഫാ. എഡ്വിൻ കടവന്തറ
- 11 ഫാ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ
- 12 ഫാ. ജോഷി പുതുപ്പറമ്പിൽ
- 14 ഫാ. പീറ്റർ കുട്ടമ്പറമ്പിൽ
- 14 ഫാ. പോൾ കാനപ്പിള്ളി
- 17 ഫാ. ജോസഫ് പടികരമല
- 23. ഫാ. ജോൺസൺ ചാലുമാട്ടുതറ
- 26. ഫാ. സ്കറിയ ആനിക്കൽ
- 27. ഫാ. വിജോഷ് മുല്ലൂർ

# ഇടവക വാർത്തകൾ



ബെസ്റ്റ് സൺഡേ സ്കൂൾ എ ഗ്രൂപ്പ് - കുമളി



ബെസ്റ്റ് സൺഡേ സ്കൂൾ ഡി ഗ്രൂപ്പ് - ഉപ്പുതറ



ബെസ്റ്റ് സൺഡേ സ്കൂൾ സി ഗ്രൂപ്പ് - ചാത്തൻതറ



മൂന്നാർ മൗണ്ട് കാർമ്മൽ ദേവാലയത്തിനുള്ളിൽ അടക്കം ചെയ്തിരിക്കുന്ന മൂന്നാർ ഇടവകയിലെ ആദ്യ മിഷണറി റവ. ഫാദർ അൽഫോൻസ് OCD യുടെ കല്ലറയിൽ ജൂബിലി ആരംഭ ദിനത്തിൽ പ്രാർത്ഥനകൾ സമർപ്പിക്കുന്നു.



മൗണ്ട്കാർമ്മൽ തിരുനാൾ മിണ്ടാമഠത്തിൽ



കരടിക്കുഴി ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം



കല്ലാർ വട്ടിയാർ സ്ഥൈര്യലേപന കർമ്മം



തിരുവല്ല സ്ഥൈര്യലേപന കർമ്മം



കെ. സി. വൈ. എം പള്ളിവാസൽ യൂണിറ്റിന്റെ വാർഷിക സമ്മേളനവും തിരഞ്ഞെടുപ്പും ജൂലൈ 10 ന് നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ഗിരി ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് ജോസ് വർക്കി, ജന.സെക്രട്ടറി സുബിൻ കെ സണ്ണി, സെക്രട്ടറി ജോസ് സെബാസ്റ്റ്യൻ, രൂപത അസോ ഡയറക്ടർ ഫാ. അഗസ്റ്റിൻ ആസിർ യൂണിറ്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ എന്നിവർ സംസാരിച്ചു.

---



നവീകരിച്ച വാളാർഡി,
സെന്റ് ജോർജ്ജ് ദൈവാലയം



നവീകരിച്ച അരുവിക്കാട്
സെന്റ് തെരേസാസ് ദൈവാലയം

## വിൻസെന്റ് ഡി പോൾ കോൺഫറൻസ് ഏ.സി.



ഏരിയ കൗൺസിൽ പ്രസിഡണ്ട് പദവിയിൽ ബ്ര. ചാക്കോനെല്ലിമല കാലാവധി തികച്ചു രാജിനൽകിയ സാഹചര്യത്തിൽ വൈസ്.പ്രസിഡന്റ് ബ്ര. രത്തിനരാജിന്റെ അധ്യക്ഷതയിൽ കുമളി ലൂർദ്പള്ളിയിൽ വെച്ച് കൂടിയ വണ്ടിപെരിയാർ AC മീറ്റിംഗിൽ ബ്ര. കെ.പി.ജോസ് (സി. സി. ഓഡിറ്റർ) നിരീക്ഷകനായി നടത്തിയ തിരഞ്ഞെടുപ്പിൽ ബ്ര. ഷിബു.എം.ഡി (ലൂർദ് മാതാ, കുമളി) വണ്ടിപെരിയാർ AC പ്രസിഡണ്ട് ആയി തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ വണ്ടിപെരിയാർ AC സെക്രട്ടറി, കുമളി ലൂർദ് മാതാ കോൺ. സെക്രട്ടറി എന്നീചുമതലകൾ നിർവഹിച്ചു വരുന്നു.14 കോൺഫറൻസുകളും പങ്കെടുത്ത യോഗത്തിൽ ബ്ര. ചാക്കോ നെല്ലിമല, ബ്ര.പി.എം. ജയശീലൻ, ബ്ര. കെ.പി.ജോസ് എന്നിവർ നിയുക്ത പ്രസിഡന്റിനെ അഭിനന്ദിച്ചു സംസാരിച്ചു.

## തിരുവല്ല മേഖല നവമതാധ്യാപക സെമിനാർ

2022 –23 വർഷത്തെ പുതിയ മതാധ്യാപകർക്കുള്ള സെമിനാർ ചങ്ങനാശ്ശേരി മേരി മൗണ്ട് ദേവാലയത്തിൽ വച്ച് ജൂലൈ ഒമ്പതാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ മൂന്നു മണി വരെ നടത്തപ്പെട്ടു. ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട സ്റ്റീഫൻ പുത്തൻപറമ്പിൽ അച്ചൻ സോണൽ ഡയറക്ടർ ബഹുമാനപ്പെട്ട ജോഷി പുതുപ്പറമ്പിൽ അച്ചൻ ബഹുമാനപ്പെട്ട സജി കപ്പിലികുന്നേൽ CFIC അച്ചൻ എന്നിവർ സന്നിഹിതരായിരുന്നു പുനലൂർ രൂപത വൈദികൻ ബഹുമാനപ്പെട്ട ബൈജു എം വിൻസന്റ് അച്ചൻ ക്ലാസ് നയിച്ചു. 13 യൂണിറ്റുകളിൽ നിന്നായി 40 പുതിയ മതാധ്യാപകർ പങ്കെടുത്തു.



കെസിവൈഎം വിജയപുരം രൂപത സമിതിയുടെ യുവജന ദിനാഘോഷം BONFIRE പള്ളിവാസൽ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ജോസ് വർക്കി പതാക ഉയർത്തി യുവജന ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. രൂപത അസോസിയേറ്റ് ഡയറക്ടർ ഫാ.അഗസ്റ്റിൻ ആസിർ ആമുഖ പ്രഭാഷണം നടത്തി. ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ യുവജനദിന സന്ദേശം നൽകി. പള്ളിവാസൽ യൂണിറ്റ് പ്രസിഡന്റ് ഗിരി ഫ്രാൻസിസ് ആശംസകൾ അർപ്പിച്ചു. രൂപത സെക്രട്ടറി ജോസ് സെബാസ്റ്റ്യൻ സ്വാഗതവും രൂപത ജനറൽ സെക്രട്ടറി സുബിൻ കെ സണ്ണി കൃതജ്ഞതയും അർപ്പിച്ചു.

---



മൂന്നാർ ചാപ്പൽ ആശീർവാദം



## ആദരാഞ്ജലികൾ

**മണ്ണിടിച്ചിലിൽ മരണമടഞ്ഞ കോഴിക്കാനം**

**സ്വദേശിനി ഏലപ്പാറ ഇൻഫന്റ് ജീസസ് ഇടവക അംഗമായ**

**പുഷ്പമ്മയ്ക്ക്**

**വിജയപുരം രൂപതയുടെ ആദരാഞ്ജലികൾ**

# മൗണ്ട് കാർമ്മൽ ചർച്ച് കുന്നുംഭാഗം



മൗണ്ട് കാർമ്മൽ ചർച്ച് കുന്നുംഭാഗത്ത് എൽഡേഴ്സ് ഫോറത്തിന്റെ ഉദ്ഘാടനം മൗണ്ട് കാർമ്മൽ ചർച്ച് വികാരി ഫാ. തിയോഫിൻ വെണാർട് തുരുത്തിക്കോണം നിർവ്വഹിച്ചു. വി.എസ്.എസ്.എസ്. സി.ഡി.ഒ സിസ്റ്റർ സൂസൻ ക്ലാസ് നയിച്ചു. ഇടവകയിലെ ആനിമേറ്റർ പൊന്നമ്മ മാത്യുവും മറ്റ് മുതിർന്ന അംഗങ്ങളും മീറ്റിംഗിൽ പങ്കെടുത്തു.

# നല്ല സമറായൻ ദിനം



അമയന്നൂർ തിരുഹൃദയ ദൈവാലയത്തിൽ നല്ല സമറായൻ ദിനം ജൂൺ 10-ന് ആചരിച്ചു. 11,12 ക്ലാസുകളിലെ മതബോധന വിദ്യാർത്ഥികൾ നല്ല സമറായൻ ഉപമ ലഘു സ്കിറ്റ് ആയി അവതരിപ്പിച്ചു. റവ.ഫാ. ജിൻസൺ വിശുദ്ധ കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് മതബോധന വിദ്യാർത്ഥികൾ മധുരവുമായി അമയന്നൂർ ജോതിർഭവൻ സന്ദർശിച്ചു. അന്തേവാസികളായ അമ്മമാരൊപ്പം ഗാനങ്ങൾ ആലപിക്കുകയും വിശേഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഹെഡ്മാസ്റ്റർ, ബ്രദർ, സിസ്റ്റേഴ്സ്, അധ്യാപകർ തുടങ്ങിയവർ കുട്ടികളോടൊപ്പം സന്ദർശനത്തിൽ പങ്കാളികളായി.

# വി.എസ്.എസ്.എസ്. വാർത്തകൾ

## സമരിറ്റൻസ് സേന




വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇൻഡ്യാ സ്റ്റാർട്ട്നെറ്റ് വർക്ക് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പ്രകൃതി ദുരന്തങ്ങളെ നേരിടുവാൻ ജനത്തെ പ്രാപ്തരാക്കുവാൻ രൂപീകരിച്ചിട്ടുള്ള സമരിറ്റൻസ് സേനയുടെ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ പ്രവർത്തകർക്കായി നടത്തിയ ദ്വിദിന പരിശീലനം മൂന്നാറിൽ വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. ഇന്റഗ്രൽ ട്രാൻസ്ഫർമേഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. കാരിത്താസ് ഇൻഡ്യ കോ- ഓർഡിനേറ്റർമാരായ അബിഷ് ആന്റണി, ദിലിഷ് വർഗീസ് എന്നിവർ ക്ലാസുകൾ നയിച്ചു. പരിശീലനം പൂർത്തിയാക്കിവർക്കുള്ള സർട്ടിഫിക്കറ്റുകൾ വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ലിനോസ് ചുള്ളിക്കാപറമ്പിൽ വിതരണം ചെയ്തു. ഫാ. വർഗീസ് ടിജോ മറ്റുപ്പള്ളിൽ, ടി.എ. ജോർജ് എന്നിവർ സംസാരിച്ചു.

## ആശാകിരണം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വനപദ്ധതിയായ ആശാകിരണത്തിന്റെ സന്നദ്ധ പ്രവർത്തകരുടെ പ്രവർത്തന വിലയിരുത്തൽ യോഗം പട്ടിത്താനം, മുണ്ടക്കയം മേഖലകളിൽ നടന്നു. മുണ്ടക്കയം മേഖലായോഗം പൊടിമറ്റം വികാരി ഫാ. സജി പൂവത്തുകാടിന്റെ അദ്ധ്യക്ഷതയിൽ നടന്നു. കൂടുതൽ പ്രവർത്തകരെ ഉൾപ്പെടുത്തി സന്നദ്ധ സംഘം വിപുലീകരിക്കാൻ തീരുമാനമായി. ചികിത്സാസഹായം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2 മാസത്തെ പ്രവർത്തനങ്ങൾ ഊർജിതമാക്കാനും രണ്ടിടത്തും യോഗത്തിൽ തീരുമാനമായി. പൊടിമറ്റത്ത് 26 പേരും, മുണ്ടക്കയത്ത് 36

പേരും സംബന്ധിച്ചു. വി.എസ്.എസ്.എസ്. ആരോഗ്യവിഭാഗം കോ-ഓർഡിനേറ്റർ പ്രമീല ജോർജ് പ്രവർത്തനവിലയിരുത്തൽ നടത്തി. ആനിമേറ്റർമാരായ മറിയാമ്മ മാമ്മച്ചൻ, അന്നമ്മ ആന്റണി എന്നിവർ സ്വാഗതവും സെലി പാമ്പാടിയിൽ, ബിന്ദു നെല്ലിക്കുന്നേൽ എന്നിവർ കൃതജ്ഞതയും പറഞ്ഞു.

## സംഘചേതന



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള വിജയ് അയൽക്കൂട്ടങ്ങളുടെ കേന്ദ്രതലഘടനയായ സംഘചേതനയുടെ യോഗവും ഭാരവാഹികളെ തെരഞ്ഞെടുക്കലും അമലനിലയത്തിൽ നടന്നു. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ അദ്ധ്യക്ഷത വഹിച്ചു. സംഘാംഗങ്ങൾ തമ്മിലും സംഘങ്ങൾ തമ്മിലും സൗഹൃദമുണ്ടാകണമെന്നും തൊഴിലധിഷ്ഠിത സംരംഭങ്ങൾക്ക് പ്രാധാന്യം നൽകണമെന്നും, ഇതര സന്നദ്ധ സംഘടനകളുമായി പ്രവർത്തനശൃംഖല ഉണ്ടാകണമെന്നും അച്ചൻ സൂചിപ്പിച്ചു. തൊഴിൽ ലക്ഷ്യാധിഷ്ഠിത സംഘങ്ങൾ, ഭിന്നശേഷിക്കാരുടെ സംഘങ്ങൾ കെ.എൽ.എം. മുഖേന ക്ഷേമനിധിയിൽ അംഗത്വം എന്നിവയിൽ സി.ഡി.ഒ, റ്റി.കെ രാജു സംസാരിച്ചു. സംയുക്ത റിപ്പോർട്ടുകൾ എസ്.എച്ച്.ജി. പ്രോഗ്രാം സപ്പോർട്ട് ഓഫീസർ മിനി ജോസഫ് വിലയിരുത്തി. കോട്ടയം, തിരുവല്ല, പട്ടിത്താനം, മുണ്ടക്കയം എന്നീ മേഖലകളിലെ സംയുക്ത ഭാരവാഹികൾ പങ്കെടുത്ത യോഗത്തിന് ടി.കെ. രാജു സ്വാഗതവും വത്സമ്മ ചാക്കോ നന്ദിയും പറഞ്ഞു. ഭാരവാഹികളായി ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ (പ്രസിഡന്റ്) വത്സമ്മ ചാക്കോ തെള്ളകം (വൈസ് പ്രസിഡന്റ്) ടി.കെ. രാജു (സെക്രട്ടറി) ജൂബി ജോർജ് പാല

(ജോ. സെക്രട്ടറി) എന്നിവരേയും കമ്മറ്റിയംഗങ്ങളായി ജോസഫ് കാവുങ്കൽ പൊടിമറ്റം, എലിസബത്ത് ജോസഫ് വനവാതുക്കര, മഞ്ജു എം.ജെ. കാഞ്ഞിരപ്പാറ എന്നിവരേയും തെരഞ്ഞെടുത്തു.



ചൈൽഡ് ലൈനിന്റെ നേതൃത്വത്തിൽ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച ഓപ്പൺ ഹൗസ് പഞ്ചായത്തു പ്രസിഡന്റ് ജോസ് കല്ലുപുര ഉദ്ഘാടനം ചെയ്യുന്നു. എക്സൈസ് പ്രിവന്റീവ് ഓഫീസർ ബാബു കെ.വി. സമീപം.



വീ-ഷെയർ വരുമാന പദ്ധതിയിലുൾപ്പെടുത്തി നൽകിയ തയ്യൽ മെഷീൻ വടവാതൂരിൽ മാത്യു-സതി ദമ്പതികൾ ഏറ്റുവാങ്ങുന്നു.



# അഭിവന്ദ്യ പിതാവിന്റെ
## ആഗസ്റ്റ് മാസ പരിപാടികൾ

ഓഗസ്റ്റ് 5 : PPD

ഓഗസ്റ്റ് 6 : 6.30 am : ദിവ്യബലി, വിമലഗിരി കത്തീഡ്രൽ

ഓഗസ്റ്റ് 8 : 6.30 am ആർച്ച്ബിഷപ്പ് കൊർണേലിയൂസ്സ് ഇലഞ്ഞിക്കൽ അനുസ്മരണ ദിവ്യബലി, വിമലഗിരി കത്തീഡ്രൽ

ഓഗസ്റ്റ് 9 : 10 am ദിവ്യബലി, സെന്റ് ആന്റണിസ് തീർത്ഥാടന കേന്ദ്രം കോട്ടയം.

ഓഗസ്റ്റ് 13-14 : ഇടയ സന്ദർശനവും സ്ഥൈര്യലേപനവും , സെന്റ്. മേരിസ് ദൈവാലയം, തെള്ളകം.

ഓഗസ്റ്റ് 12 : PPD

ഓഗസ്റ്റ് 19 : PPD


ഓഗസ്റ്റ് 25 : വിവാഹ ആശിർവാദം,ഗുഡ് ഷെപ്പേർഡ് ദൈവാലയം, കോട്ടയം

ഓഗസ്റ്റ് 26 : PPD

ഓഗസ്റ്റ് 28 : KLCA സമ്മേളനം, പാക്കിൽ

## അനുമോദനങ്ങൾ

**വി. ദേവസഹായം മെഗാ ക്വിസിൽ സംസ്ഥാനതല പരീക്ഷ വിജയികൾ**



രണ്ടാംസ്ഥാനം കരസ്ഥമാക്കിയ
**സി. മേരി ജ്യോതിസ് DIH**
കോട്ടയം



മൂന്നാംസ്ഥാനം കരസ്ഥമാക്കിയ
**സി. കാർമ്മൽ തോമസ് MSST**
വാഴൂർ

# ആദരാഞ്ജലികൾ



**ഫാ. ഐസക് അഞ്ചിൽ**
(മരണം: 9-7-2022)



**മോൺ. മാത്യു മുട്ടേത്താഴത്ത്**
(മരണം: 10-7-2022)





AUGUST 2022
Vol. 15 • Issue 8
Published on
1th August 2022

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2020-22
LIC. No. KL/CR/KTM/WPP-03/2020-22
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




P And N
Ceramics
PAN
A P ROAD ATHIRAMPUZHA, M C ROAD KUMARANALLOR
KK ROAD VADAVATHOOR, PH : +91 96330 09900

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180